**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3382** **11-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ വിവിധ പദ്ധതികൾക്ക് ഭൂമിയേറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട - വാഗമൺ റോഡ് പുനരുദ്ധാരണം, മാർമല ചെറുകിട ജലവൈദ്യുതപദ്ധതി, ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം, പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ എന്നീ പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ? | (എ) | **1.ഈരാറ്റുപേട്ട വാഗമൺ റോഡ് വികസനം**<br><br>പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട - വാഗമൺ റോഡ് വികസനത്തിന് കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട, തീക്കോയി എന്നീ വില്ലേജുകളിലെയും ഇടുക്കി ജില്ലയിലെ വാഗമൺ വില്ലേജിലെയും 1.8760 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 26-10-2022-ലെ സ.ഉ(സാധാ) നം. 4317/2022/റവ, 07-01-2023-ലെ സ.ഉ(സാധാ) നം.133/2023/റവ എന്നിവ പ്രകാരം അനുമതി നൽകിയിട്ടുള്ളതും, സാമൂഹ്യാഘാത പഠനം നടത്തിയിട്ടുള്ളതുമാണ്. സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് 28/02/2024-ൽ യോഗം നിശ്ചയിച്ചിരുന്നതാണ്. എന്നാൽ KIIFB യിൽ നിന്നും തുടർ നിർദ്ദേശങ്ങൾ വരും വരെ LA നടപടികൾ മാറ്റി വയ്ക്കണമെന്ന് അർത്ഥനാധികാരിയായ Road Infrastructure Company Kerala (RICK) അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി യോഗം മാറ്റിവച്ചിട്ടുള്ളതാണ്.<br><br>**2.മാർമല ചെറുകിട ജലവൈദ്യുത പദ്ധതി**<br><br>മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, DVS എന്നിവ അംഗീകരിച്ചിട്ടുള്ളതാണ്. 30/08/2024 വരെയുള്ള കണക്ക് പ്രകാരം 7,34,30,000/- രൂപ ലാൻഡ് അക്വിസിഷൻ ഓഫീസറുടെ work Deposit ലേയ്ക്ക് ഭൂമി ഏറ്റെടുക്കൽ ചെലവ് ഇനത്തിൽ അർത്ഥനാധികാരി നല്കിയിട്ടുള്ളതാണ്. പുനരധിവാസ പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. അർത്ഥനാധികാരി എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ആയ 1,94,53,072/- രൂപയും, ബാക്കി ലഭിക്കേണ്ട എൽ എ കോസ്റ്റ് ആയ 20,95,000/- രൂപയും ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | ആകെ 2,15,48,072/- രൂപ അടവാക്കിയാൽ മാത്രമേ 19(1) പ്രഖ്യാപനം നടത്തി തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.<br><br>**3. <u>ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റേയ്ക്കുള്ള റോഡ് വികസനം</u>**<br><br>ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനത്തിന് ഏറ്റെടുക്കേണ്ട ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, DVS എന്നിവ അംഗീകരിച്ചിട്ടുള്ളതാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചിട്ടില്ല.<br><br>**4. <u>പിണ്ണാക്കനാട് 33 കെ വി സബ്സ്റ്റേഷൻ നിർമ്മാണം</u>**<br><br>പിണ്ണാക്കനാട് 33 കെ വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം 18/10/2024-ലെ 3294-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി സാമൂഹ്യാഘാത പഠന അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ധ സമിതി രൂപികരിച്ച് പഠനം നടന്നു വരുന്നു. അർത്ഥനാധികാരി എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ആയി 12,75,000/- രൂപ കൂടി അടവാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ